നം. യു1/11908/2010,
പോലീസ് ആസ്ഥാനം,
തിരുവനന്തപുരം.
തീയതി. 20/02.2010

## സർക്കുലർ നം. 08/2010

വിഷയം : രാസപദാർത്ഥ നിർമ്മാണ–സംഭരണ–വിതരണ സ്ഥാപനങ്ങളിലും അവ കടന്നുപോകുന്ന റോഡുകളിലും ഉണ്ടാകാവുന്ന അപകടങ്ങൾ – അടിയന്തിര നടപടികൾ – നിർദ്ദേശങ്ങൾ.

അതത് പ്രദേശങ്ങളിലെ അപകടകരമായ രാസവസ്തുക്കൾ, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ ഫാക്ടറികൾ, എൽ.പി.ജി പ്ലാൻറുകൾ/ ബോട്ട്ലിംഗ് യൂണിറ്റുകൾ എന്നിവയിൽ തീ പിടുത്തമോ, വാതകചോർച്ചയോ, അത്യാഹിതങ്ങളോ സംഭവിച്ചാൽ രക്ഷാപ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഒരു 'On Site and Off Site Emergency Plan' തയ്യാറാക്കി നൽകാൻ ആവശ്യപ്പെടേണ്ടതാണ്. ടി പ്ലാനിൻെറ ഒരു പകർപ്പ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും ജില്ലാ പോലീസ് കൺട്രോൾ റൂമിലും കർശനമായും സൂക്ഷിക്കേണ്ടതാണ്. എല്ലാ വർഷവും ടി പ്ലാൻ ഉപയോഗിച്ചുള്ള മോക്ക് ഡ്രിൽ ബന്ധപ്പെട്ട എല്ലാ സുരക്ഷാ ഏജൻസികളുടേയും വകുപ്പുകളുടേയും സഹകരണത്തോടെ നടത്തുവാൻ ടി സ്ഥാപനങ്ങളോട് ആവശ്യപ്പെടേണ്ടതാണ്. നിലവിൽ കേരളസംസ്ഥാനത്ത് ഇത്തരത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ ഇതുവരെ ലഭിച്ച പേരു വിവരം ഇതിനോടൊപ്പം പ്രത്യേകം ചേർത്തിട്ടുണ്ട്. (ഇത്തരം മറ്റു സ്ഥാപനങ്ങൾ ഉണ്ടോ എന്ന് എല്ലാ ജില്ലാ പോലീസ് അധികൃതരും അന്വേഷിച്ച് തിട്ടപ്പെടുത്തേണ്ടതാണ്)

<u>പെട്രോളിയം ഉൽപന്നങ്ങൾ, എൽ.പി.ജി., മറ്റു രാസപദാർത്ഥങ്ങൾ എന്നിവ കൊണ്ടു പോകുന്ന വാഹനം അപകടത്തിൽപ്പെട്ടാൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ.</u>

i). സമീപത്തുള്ള എൽ. പി. ജി ബോട്ട്ലിംഗ് യൂണിറ്റിനേയും, ഫയർ ഫോഴ്സ് യൂണിറ്റിനേയും അറിയിച്ച്, അവരുടെ അടിയന്തിര സഹായം അഭ്യർത്ഥിക്കുക. ഇതിനായി അതാത് പ്രദേശത്തുള്ള പ്രസ്തുത യൂണിറ്റുകളുടെ ഫോൺ നമ്പർ എല്ലാ പോലീസ് സ്റ്റേഷനുകളിലും എല്ലാ പോലീസ് കൺട്രോൾ റൂമുകളിലും ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്.

പെട്രോളിയം ഉൽപ്പന്നങ്ങൾ, എൽ.പി.ജി, മറ്റ് അപകടകരമായ രാസ പദാർത്ഥങ്ങൾ എന്നിവ കൊണ്ടുപോകുന്ന വാഹനങ്ങൾ പോലീസ് ഉദ്യോഗസ്ഥർ പരിശോധിക്കുമ്പോൾ സാധാരണ വാഹനപരിശോധനാ വേളയിൽ പരിശോധിക്കുന്ന റിക്കോർഡുകൾക്ക് പുറമെ താഴെ പറയുന്നവ കൂടി പ്രത്യേകം ശ്രദ്ധിക്കണം.

i). ടി വാഹനങ്ങളുടെ ഡ്രൈവറുടെ ക്യാബിൻ ഓറഞ്ച് നിറത്തിലും, ബോഡി വെള്ളനിറത്തിലും മധ്യഭാഗത്ത് ചുറ്റിലും 5 സെൻറി മീറ്റർ വീതിയിൽ ബ്രൗൺ കളറിലും (Dry brown leaf colour) പെയിൻറ് ചെയ്യിട്ടുണ്ടാവണം (കേരളാ മോട്ടോർ വെഹിക്കിൾ റൂൾസ് 1989ലെ റൂൾ 304 പ്രകാരം).

ii). വാഹനത്തിൽ രണ്ടു ഡ്രൈവർമാർ ഉണ്ടായിരിക്കണം, അവർക്ക് ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസും, അതിൽ അപകടകരമായ രാസപദാർത്ഥങ്ങൾ കൊണ്ടു പോകുന്ന ചരക്കു വാഹനങ്ങൾ ഓടിക്കുന്നതിന് പ്രത്യേകമായി അധികാരപ്പെടുത്തിയ രേഖയുമുണ്ടായിരിക്കണം.

iii). ഡ്രൈവർ സീറ്റിനു പുറകിൽ, രണ്ടാമത്തെ ഡ്രൈവറിന് വിശ്രമിക്കാനുള്ള/ ഉറങ്ങാനുള്ള സംവിധാനം ഉണ്ടാവണം.

iv). അത്തരം ചരക്കു വാഹനങ്ങളിൽ 'സ്പാർക്ക് അറസ്റ്റർ' സംവിധാനം നിർബന്ധമായും ഉണ്ടായിരിക്കണം.

v). അടിയന്തിര സുരക്ഷാ ഉപകരണങ്ങൾ, പ്രഥമ ശുശ്രൂഷക്കാവശ്യമായ വസ്തുക്കൾ മുതലായവ ഇത്തരം വാഹനങ്ങളിൽ നിശ്ചയമായും ഉണ്ടായിരിക്കണം.

vi). ടി വാഹനത്തിൽ കൊണ്ടു പോകുന്ന ഉൽപ്പന്നത്തിൻെറ വിവരങ്ങൾ വാഹനത്തിൻെറ മുന്നിലും, ഇരുവശങ്ങളിലും, ഉൽപ്പന്നത്തിൻെറ 'ക്ലാസ് ലേബൽ' മുൻവശത്തും വ്യക്തമായി വായിക്കത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. വാഹനത്തിൽ അടിയന്തിരഘട്ടത്തിൽ ബന്ധപ്പെടുന്നതിനായി ചരക്ക് കയറ്റി അയച്ച വ്യക്തി/സ്ഥാപനം എന്നിവയുടെ പേരും, ഫോൺ നമ്പരുകളും വാഹനത്തിൽ വ്യക്തമായി കാണത്തക്കവിധം രേഖപ്പെടുത്തിയിട്ടുണ്ടാവണം.

vii). അത്തരം വാഹനം ഓടിക്കുന്നവർക്ക്, അവർ കൊണ്ടുപോകുന്ന ഉൽപ്പന്നത്തെപ്പറ്റിയുള്ള വ്യക്തമായ അറിവ് ഉണ്ടായിരിക്കണം, കൂടാതെ കയറ്റി അയക്കുന്ന വ്യക്തി/ സ്ഥാപന ഉടമ എന്നിവരെക്കുറിച്ചുള്ള വിവരങ്ങൾ, ടി ഉൽപന്നത്തെപ്പറ്റിയുള്ള വിശദവിവരങ്ങൾ, ചോർച്ചയോ, മറ്റപകടങ്ങളോ സംഭവിച്ചാലുണ്ടാകാവുന്ന ഭവിഷ്യത്തുകളെ കുറിച്ചുള്ള വിവരങ്ങൾ, അടിയന്തിരമായി കൈക്കൊള്ളേണ്ട മുൻകരുതലുകൾ എന്നിവ വിശദീകരിക്കുന്ന Tremcard (Transport Emergency Card) കർശനമായും വാഹനത്തിൽ ഉണ്ടായിരിക്കണം.

viii). അമോണിയ, ക്ലോറിൻ സിലിണ്ടർ എന്നിവ കൊണ്ടു പോകുന്ന വാഹനങ്ങളിൽ ഡ്രൈവർമാരുടെ ഉപയോഗത്തിനായി ബ്രീതിംഗ് അപ്പാരറ്റസ് കൃത്യമായും സൂക്ഷിച്ചിരിക്കണം.

ii). വാഹനാപകടം നടന്ന സ്ഥലത്തിനു സമീപത്തു നിന്നും ജനങ്ങളെ അടിയന്തിരമായി അകറ്റി നിർത്തണം (50 മീറ്റർ മുതൽ 100 മീറ്റർ വരെ).

iii). സ്പാർക് ഉണ്ടാകാൻ സാധ്യതയുള്ള പ്രവൃത്തികൾ (വാഹനങ്ങൾ സ്റ്റാർട്ടാക്കുന്നത്, തീ കത്തിക്കുന്നത്, മൊബൈൽ ഫോൺ, ടോർച്ച്, സെർച്ച് ലൈറ്റുകൾ, ഹെഡ് ലൈറ്റുകൾ, ഹാമ്മറുകൾ, വെൽഡിംഗ് ഡ്രിൽ, കട്ടിംഗ് മഷീൻ എന്നിവയുടെ ഉപയോഗം മുതലായവ) പ്രസ്തുത മേഖലയിൽ അനുവദിക്കാൻ പാടില്ലാത്തതാണ്. കൂടാതെ ടി മേഖലയിലൂടെയുള്ള വൈദ്യുതി വിച്ഛേദിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

iv). ഇവയുടെ ലോഡിംഗ്, അൺലോഡിംഗ്, ട്രാൻസ്പോർട്ടേഷൻ എന്നീ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർ പുകവലിക്കാനോ, തീപ്പെട്ടി, ലൈറ്ററുകൾ, മൊബൈൽ ഫോൺ എന്നിവ കൈവശം വയ്ക്കുവാനോ പാടില്ല.

v). സമീപ പ്രദേശങ്ങളിലെ ആശുപത്രികളിൽ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾക്കായി നിർദ്ദേശം കൊടുക്കേണ്ടതാണ്.

vi). വാഹനഗതാഗതം മറ്റു വഴികളിൽ കൂടി തിരിച്ചു വിടാനുള്ള ഏർപ്പാടുകൾ ചെയ്യണം. കൂടാതെ ആംബുലൻസ്, ഫയർ സർവീസ് എന്നിവ രക്ഷാപ്രവർത്തനങ്ങൾക്കായി സുഗമമായി കടന്നു പോകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കണം.

vii). അപകട സൂചന നൽകുന്നതിനുള്ള താൽക്കാലിക ബോർഡുകൾ, ചുവന്നകൊടി എന്നിവ സ്ഥാപിക്കാൻ ഏർപ്പാട് ചെയ്യണം.

viii). അപകടത്തിൽപെട്ട വാഹനം മാറ്റുന്നതിന് ആവശ്യമായ ക്രെയിനുകൾ, മറ്റുപകരണങ്ങൾ എന്നിവ അടിയന്തിരമായി ഏർപ്പാടു ചെയ്യണം.

ix). ആവശ്യമായ വിവരങ്ങൾ അതത് ജില്ലാ ദുരന്ത നിവാരണ കൺട്രോൾ റൂമിനും മറ്റു ബന്ധപ്പെട്ട വകുപ്പുകൾക്കും കൈമാറുവാനുള്ള ഏർപ്പാടുകൾ ചെയ്യണം. ജില്ലാ ദുരന്ത നിവാരണ കൺട്രോൾ റൂമിന്റെ ഫോൺ നമ്പരുകൾ എല്ലാ പോലീസ് സ്റ്റേഷനിലും, കൺട്രോൾ റൂമുകളിലും സൂക്ഷിക്കണം.

ix). ഇത്തരം ചരക്കുമായി പോകുന്ന വാഹനം പാർക്ക് ചെയ്യുന്ന സ്ഥലം അനുയോജ്യവും സുരക്ഷിതവുമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

x). ഇത്തരം ചരക്കു കൊണ്ടു പോകുന്ന ടാങ്കുകൾക്ക് 'സേഫ്റ്റി റിലീഫ് വാൽവ്', 'പ്രഷർ ഗേജ്' എന്നിവ ഉണ്ടായിരിക്കണം.

xi). താഴെ പറയുന്ന 12 സർട്ടിഫിക്കറ്റുകൾ വാഹനങ്ങളിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തണം.

1. ആർ.റ്റി.എ പെർമിറ്റ്
2. സാധനങ്ങൾ മറ്റൊരു സംസ്ഥാനത്തിലേക്ക് കൊണ്ടു പോകുന്നതിന്/ സംസ്ഥാനത്തു നിന്നും കൊണ്ടു വരുന്നതിന് ആർ.റ്റി.എ നൽകുന്ന അനുമതി പത്രം
3. ഇൻഷുറൻസ് സർട്ടിഫിക്കറ്റ്
4. എക്സ്പ്ലോസീവ് ജോയിൻറ് ചീഫ് കൺട്രോളർ നൽകുന്ന കമ്പ്രസ്സ്ഡ് ഗ്യാസ് വെസ്സൽ സർട്ടിഫിക്കറ്റ്
5. വാഹനത്തിൻെറ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്
6. ഫയർ ഫൈറ്റിംഗ് എക്യുപ്മെൻറ് സർവീസ് സർട്ടിഫിക്കറ്റ്
7. ഫയർ ഫൈറ്റിംഗ് ഹൈഡ്രോളിക് പ്രഷർ സർട്ടിഫിക്കറ്റ്
8. ഓയിൽ കമ്പനി നൽകുന്ന ഇൻസ്പെക്ഷൻ സർട്ടിഫിക്കറ്റ്
9. എൽ.പി.ജി. ടാങ്ക്-ട്രക്ക് ഡീഗാസിംഗ് സർട്ടിഫിക്കറ്റ്
10. സേഫ്റ്റി വാൽവ് ടെസ്റ്റ് സർട്ടിഫിക്കറ്റ്
11. എമിഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റ്
12. ഓയിൽ കമ്പനി നൽകുന്ന പ്രൊഫഷണൽ വർക്ക് ഓർഡർ സർട്ടിഫിക്കറ്റ്.

ഡയറക്ടർ ജനറൽ ഓഫ് പോലീസ്

To

ലിസ്റ്റ് 'B' യിലെ എല്ലാ ഓഫീസർമാരുടേയും അറിവിലേയ്ക്കായി

# Major Accident Hazard Installations in Kerala

1. Indian Oil Corporation Ltd, Kochuveli, Thiruvananthapuram.
2. Bharath Petroleum Corporation Ltd, Kochuveli, Thiruvananthapuram.
3. Bharath Petroleum Corporation Ltd, LPG Bottling Plant, Kazhakkuttom, Thiruvananthapuram.
4. Kerala Minerals and Metals Ltd, Chavara, Kollam.
5. Indian Oil Corporation Ltd, LPG Bottling Plant, Paripally, Kollam.
6. National Thermal Power Corporation Ltd, Kayamkulam, Alappuzha.
7. Extra Weave, Cherthala, Alappuzha
8. Bharath Petroleum Corporation Ltd, Cheppad, Alappuzha.
9. Excell Glasses Ltd, Pathirapally, Alappuzha
10. D.C. Mills, Pathirapally, Alappuzha
11. Surya Petroleum (P) Ltd, Erattupetta, Kottayam
12. Maria Petroleum (P) Ltd. Thalayolaparambu, Kottayam.
13. The Fertilisers & Chemicals Travancore Ltd, Ammonia Storage, Wellington Island, Kochi.
14. HHA Tank Terminal Pvt. Ltd. 24/1869, Muraf Area, Indira Gandhi Road Wellington Island, Kochi.
15. Konkan Storage Systems Pvt. Ltd. Liquid Storage Terminal Matsyapuri P.O., Wellington Island, Kochi.
16. Ganesh Benzoplast Wellington Island, Kochi.
17. IOC Ltd, Wellington Island, Kochi.
18. Tata Ceramics Ltd, CSES, Kochi.
19. The Indian Oil Corporation Ltd, LPG Bottling Plant, Udayamperoor, Kochi.
20. The Bharath Petroleum Corporation Ltd, New Oil Installation, Irumpanam, Kochi
21. Indian Oil Corporation Ltd, Cochin Marketing Terminal, Irumpanam, Kochi.
22. BPCL - Kochi Refineries Ltd, Ambalamugal, Kochi.
23. BPCL Crude Storage, Puthuvypeen, Kochi.
24. The Fertilisers And Chemicals Travancore Ltd, Ambalamedu, Kochi.
25. The Hindusthan Organic Chemicals Ltd, Ambalamugal, Kochi.
26. The Fertilisers & Chemicals Travancore Ltd, Udyogamandal Division, Udyogamandal, Kochi.
27. The Fertilisers & Chemicals Travancore ltd, Petrochemical Division, Aluva
28. The Hindusthan Insecticides Ltd, Udyogamandal, Kochi.
29. Travancore Cochin Chemicals Ltd, Udyogamandal, Kochi.
30. Merchem Ltd, Muthinagam road, Eloor North, Kochi.
31. The Apollo Tyres Ltd, Kalamassery, Kochi.
32. The Binani Zinc Ltd, Binanipuram, Aluva
33. Hindustan Petroleum Corporation Ltd., Irumpanam, Kochi.
34. BSES Kerala Power Ltd, Udyogamandal, Kochi.
35. Ruchi Infrastructure Ltd., Wellington Island, Kochi.
36. HPCL, LPG Bottling Plant, Irumpanam, Kochi.
37. FACT RCF Building Products Ltd., Ambalamedu, Kochi.
38. Vindhya Gas, Moongilmada, Palakkad.
39. Neethi Gas LPG Bottling Plant, Kozhinjampara, Palakkad
40. The Hindusthan Petroleum Corporation Ltd, LPG Bottling Plant, Kanjikode, Palakkad.
41. M.K. Gas Tech (P) Ltd. Vannamada P.O., Palakkad.
42. The Indian Oil Corporation Ltd, Indane Bottling Plant, Chelari, Malappuram
43. Indian Oil Corporation Ltd, Feroke, Kozhikode
44. Hindusthan Petroleum Corporation Ltd, Elathur, Kozhikode
45. BPCL, Nallalam, Kozhikode.
46. Malabar Fuel Corporation, Taliparamba, Kannur.